കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2005 ജൂലായ് 26, ചൊവ്വ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 2005 ജൂലായ് മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 334.

ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസ്

* 1 [334] ശ്രീ. എ. കെ. ബാലൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്ഥാപനങ്ങളിൽ ഏതൊക്കെ ഫീസുകൾക്കാണ് പരിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗങ്ങളിൽപ്പെടുന്ന കുട്ടികൾക്കാണ് ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസ് ആനുകൂല്യം ലഭിക്കുന്നത്;

(ബി) മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം ലഭിച്ച പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ വർഷം ഏതു നിരക്കിലുള്ള തുകയാണ് നൽകിയത്; ഇപ്പോഴത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക കൂടി നൽകുവാൻ സർക്കാർ തയ്യാറാകുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

LIBRARY ARCHIVES Kerala Legislative Assembly

(എ) എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്., ബി.ഡി.എസ്., ബി. എ. എം. എസ്.; ബി. ഫാം, ബി. എസ്സി. നേഴ്സിംഗ്, ബി.എച്ച്.എം.എസ്. (സിദ്ധ) എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക ജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്കാണ് ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസാനുകൂല്യം അനുവദിച്ച് നൽകുന്നത്.

(ബി) ഇല്ല.

(സി) കഴിഞ്ഞ വർഷം സർക്കാർ കോളേജുകളിൽ നിൽക്കുന്ന നിരക്കിലാണ് തുക അനുവദിച്ച് നൽകിയത്. ബാക്കി തുക നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, 11/7-ലെ എന്റെ ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുമായി കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ എന്ത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; അതിൽ എന്ത് തുക ചെലവഴിച്ചു; ഈ കാലയളവിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും എന്ത് തുക ലഭിച്ചു; ഇതാണ് ചോദ്യം. അതിന്റെ ഉത്തരം വിവരം ശേഖരിച്ചുവരുന്നു എന്നു പറയുന്ന മറുപടികളൊന്നും പരിഗണിക്കാൻ പറ്റില്ലെന്ന് ഈ സഭയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ഉറപ്പ് നൽകിയതാണ്. ഈ പശ്ചാത്തലത്തിലാണ് ഞാൻ ഈ ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നത്. സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും പാവപ്പെട്ട വിദ്യാർത്ഥികൾ വിട പറയുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. എഞ്ചിനീയറിംഗ് കോളേജുകളിൽ ശരാശരി 55,000 രൂപയും മെഡിക്കൽ കോളേജുകളിൽ ഒന്നര ലക്ഷം രൂപയും ഗവൺമെന്റ് കൊടുക്കണം. കഴിഞ്ഞ വർഷത്തെ ഫീസ് ഇതുവരെ കൊടുക്കാത്തതിന്റെ ഫലമായി നിരവധി വിദ്യാർത്ഥികൾക്ക് പുറത്തുപോകേണ്ടിവന്നു. ഇതിന്റെ ഭാഗമായി കാർമൽ എഞ്ചിനീയറിംഗ് കോളേജിലെ 10 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെയാണ് പുറത്താക്കിയത്. തിരുവില്വാമല നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ രഞ്ജിനി എന്ന വിദ്യാർത്ഥിനിയെ പുറത്താക്കി. നാളെ രജനി സംഭവങ്ങൾ ഇവിടെ ആവർത്തിക്കാതിരിക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴെങ്കിലും ഇടപെടണം. രജനി സംഭവത്തിനുമുമ്പ് ആത്മഹത്യ വരാൻ പോകുന്നു എന്ന് ഞാൻ മുന്നറിയിപ്പ് നൽകിയതാണ്. അത് മനസ്സിൽ വച്ചുകൊണ്ടാണ് ഞാൻ ഇതും പറയുന്നത്. കാരണം എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസ് ആനുകൂല്യം കൊടുക്കില്ല എന്ന് പറഞ്ഞുകഴിഞ്ഞാൽ ആ കുട്ടികളുടെ മുമ്പിൽ പിന്നെ ആത്മഹത്യയല്ലാതെ വേറെ വഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇനിയെങ്കിലും ഇടപെട്ട് അർഹതയ്ക്ക് അർഹമായത് കൊടുക്കുന്നതിന് ഉറപ്പുണ്ടാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റിസർവേഷനിലും മെറിറ്റിലും സീറ്റ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് കഴിഞ്ഞ വർഷം

LIBRARY ARCHIVES Kerala Legislative Assembly

ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിരുന്നില്ല. ഗവൺമെന്റ് നിരക്കിലുള്ള തുകയാണ് നൽകിയിരുന്നത്. അതുകൊണ്ട് കാർമൽ കോളേജിലുണ്ടായ സംഭവത്തിൽ ഞാൻ നേരിട്ട് ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചു. അതിനെയുംകൂടി അടിസ്ഥാനത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ സമുദായങ്ങളിലെ കുട്ടികൾക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുക നൽകുവാൻ ഒരു മാസം മുമ്പുതന്നെ തീരുമാനം എടുത്തു. കഴിഞ്ഞ വർഷം മുതലുള്ള തുക കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, കഴിഞ്ഞ വർഷം പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യം (42 കോടി രൂപ) കുടിശ്ശിക ഉണ്ടായിരുന്നു. ട്രഷറി ബാൻ കാരണമാണ് അങ്ങനെ സംഭവിച്ചത്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. അതുകൊണ്ട് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഉപ്പു വരുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഈ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും പോക്കറ്റ് മണിയും സ്റ്റൈപ്പന്റും ലഭ്യമാകൂ. അതിന് ബഹുമാനപ്പെട്ട മന്ത്രി ഇനിയെങ്കിലും ശ്രമിക്കുമോ? ധനകാര്യ വകുപ്പുമന്ത്രി എന്തെങ്കിലും ഉടക്ക് ഇക്കാര്യത്തിൽ ഉണ്ടാക്കുന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ഉടക്ക് ഒഴിവാക്കുന്നതിനും പാവപ്പെട്ട വിഭാഗം വിദ്യാർത്ഥികളുടെ ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനുമുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, വിദ്യാഭ്യാസാനുകൂല്യം ഒരു വർഷം തുടങ്ങുന്ന സമയത്ത് 4 മാസത്തേയ്ക്ക് അഡ്വാൻസായി ഒരുമിച്ച് കൊടുക്കാറുണ്ട്. ഈ വർഷം അത് കൊടുത്തിട്ടുണ്ട്. എങ്കിലും സ്ഥാപനങ്ങൾക്ക് കിട്ടാതെ വന്നിട്ടുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ പ്രത്യേക നടപടി എടുക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് യോഗം വിളിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യം ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ കെടുതി അനുഭവിച്ചു വരുന്നത് പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളാണ്. കുറേ കോഴ്സുകൾക്ക് ആനുകൂല്യം കൊടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന കോഴ്സുകളിൽ മെറിറ്റ് പ്രകാരം പ്രവേശനം കിട്ടുന്ന വിദ്യാർത്ഥികൾക്ക് ഇന്ന് ഈ ആനുകൂല്യം ലഭിക്കുന്നില്ല. അവർക്കുകൂടി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ പറയുന്നത് പ്രൊഫഷണൽ കോഴ്സുകളെ സംബന്ധിച്ച് മാത്രമാണ്. മറ്റെല്ലാ യൂണിവേഴ്സിറ്റികളും അംഗീകാരമുള്ള സ്ഥാപനങ്ങളും പറയുന്ന രീതിയിൽ സെൽഫ്-ഫിനാൻസിംഗ് കോളേജുകളിൽ സീറ്റ് ലഭിച്ച കുട്ടികൾക്ക് അവർ ആവശ്യപ്പെട്ട രീതിയിലുള്ള ഫീസ് ആനുകൂല്യങ്ങളും മറ്റ് കാര്യങ്ങളും കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: ഈ വിദ്യാർത്ഥികൾക്ക് ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഗവൺമെന്റ് ഫീസ് മാനേജ്മെന്റിനാണ് കൊടുക്കുന്നതെന്നാണ് ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. ഇത് കൊടുത്തതു കൊണ്ടുമാത്രം പട്ടികജാതി മേഖലയിലെ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയില്ല. അവർക്ക് സ്കോളർഷിപ്പും മെയിന്റനൻസ് ഗ്രാന്റും പൂർണ്ണമായും കിട്ടണം. അവർക്ക് ഭൂമിയൊന്നുംതന്നെ കിട്ടുന്നില്ല. പല വിദ്യാർത്ഥികളും പറഞ്ഞിട്ട് കുന്നാണ് പറഞ്ഞിട്ടുണ്ട്. നിവേദനവും തന്നിട്ടുണ്ട്. ഇത്തരം അവസ്ഥയിലുള്ള ഈ മേഖലയിലെ വിദ്യാർത്ഥികളെ പഠിപ്പിക്കാനുള്ള കാരണമെന്താണ്; അത് എപ്പോൾ കൊടുക്കുമെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സ്വാശ്രയ കോളേജുകളിലെ ഫീസ് ഒഴിവാക്കുക, സ്കോളർഷിപ്പും മെയിന്റനൻസ് ഗ്രാന്റും ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് കൊടുത്തു തീർക്കുന്നു. എങ്കിലും ഓരോപ്പോൾ സംഭവങ്ങൾ പല സ്ഥലത്തുനിന്നും ഉണ്ടാകുന്നുണ്ട്. ജില്ലാ ഓഫീസുകളിൽനിന്നും യഥാസമയം റിപ്പോർട്ട് വരുമ്പോൾ അവിടെനിന്നും വിളിച്ചു പണം പാസ്സാക്കി എടുക്കുന്നതിന് വരുന്ന കാലതാമസമൊഴിവാക്കാൻ അടിസ്ഥാനമില്ലാതെ ഗവൺമെന്റ് അനുവദിക്കാത്ത സാഹചര്യം ഇല്ല. അത്തരത്തിലുള്ള എന്തെങ്കിലും കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ശ്രീ. വി. വി. ലക്ഷ്മണൻ: അങ്കയുടെ മറുപടിയിൽ വ്യക്തമാക്കിയത് നഴ്സിംഗ് വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യങ്ങൾ ഉണ്ടെന്നുള്ളതാണ്. എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യം, 27-6-2005-ൽ ആരോഗ്യ വകുപ്പ് ഇറക്കിയ ജി. ഒ. (ആർ.ടി.) 1860/05 നമ്പർ ഉത്തരവ് പ്രകാരം സ്വാശ്രയ സ്വകാര്യ നഴ്സിംഗ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിലും ക്ലിനിക്കുകളിലും പ്രാക്ടീസ് ചെയ്യാനുള്ള അനുമതി കൊടുക്കുകയാണ്. അങ്ങനെ പ്രവർത്തിക്കുന്ന കുറേപാടെ സ്വാശ്രയ/സ്വകാര്യ നഴ്സിംഗ് സ്ഥാപനങ്ങളുണ്ട്. യഥാർത്ഥത്തിൽ ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം കിട്ടണമെങ്കിൽ ഈ സ്ഥാപനത്തോടനുബന്ധമായി ഒരു ആശുപത്രി ഉണ്ടെന്നാണ് കാണിച്ചു കൊടുക്കണം. ഇപ്പോൾ അവർ സർക്കാർ ആശുപത്രിയെയാണ് കാണിച്ചു കൊടുക്കുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ സർക്കാരിന്റെ സൗകര്യം ഉപയോഗിച്ചാണ് പ്രവർത്തിച്ചു വരുന്നത്. ഇത്തരം സ്ഥാപനങ്ങൾപോലും പെറിഫറൽ ഹോസ്പിറ്റൽ സർക്കാർ ഫീസ് അനുവദിക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം കൊടുക്കുന്നില്ല. പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നില്ല. സംവരണതത്വം പാലിക്കുന്നില്ല. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങൾ സർക്കാരിന്റെ സൗകര്യം ഉപയോഗപ്പെടുത്തുന്നതിന് ആധാരമായ ആരോഗ്യ വകുപ്പിന്റെ ഉത്തരവ് അങ്ങ് ഇടപെട്ട് തടയുമോ; അല്ലെങ്കിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിൽ ബി.എസ്.സി. നഴ്സിംഗിനാണ് പ്രത്യേകം എടുത്തു പറയുന്നത്. അതല്ലാത്ത നഴ്സിംഗ് കോളേജിലെ കുട്ടികൾക്ക് പട്ടിക ജാതി ക്ഷേമവകുപ്പ് ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ഏതെങ്കിലും ലഭിക്കാതെ പോകുന്നുണ്ടെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും നടപടിയെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: പട്ടികജാതി വിദ്യാർത്ഥികൾക്ക് 35 കോടി രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 7 കോടി രൂപയും ഉൾപ്പെടെ 42 കോടി രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങളാണ് കുടിശ്ശികയായിട്ടുള്ളത്. അതിനു പുറമെ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളും കുടിശ്ശികയാണ്. ബഹുമാനപ്പെട്ട കോടിയേരി ചോദിച്ചതുപോലെ ആദിവാസി വിദ്യാർത്ഥികൾക്ക്, ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എന്നു പറയുമ്പോൾ അര ലക്ഷത്തിലധികം വിദ്യാർത്ഥികളുണ്ട്; ആ വിദ്യാർത്ഥികളിൽ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുമുണ്ട്. അവർക്ക് പ്രയോറിറ്റി അനുസരിച്ച് സ്റ്റൈപ്പൻഡ് കൊടുക്കുന്നില്ലെങ്കിൽ തുടർന്നു പഠിക്കാൻ കഴിയില്ല. അതുകൊണ്ട് അതിന് മുന്തിയ പരിഗണന കൊടുത്ത് അവരുടെ കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: നിലവിൽ 42 കോടി രൂപ കുടിശ്ശികയുണ്ടെന്ന് പറയുന്നത് ശരിയല്ല. ഏതാണ്ട് കഴിഞ്ഞ വർഷത്തെ മുഴുവൻ കുടിശ്ശികയും, സ്വാശ്രയ കോളേജുകളിലേത് അല്ലാത്തത് കൊടുത്തു തീർത്തു. മാത്രമല്ല, ഈ വർഷത്തെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും ഉൾപ്പെടെയുള്ളത് കൊടുത്തുകഴിഞ്ഞു. ഓരപ്പെട്ട സ്ഥാപനങ്ങളിലല്ലാതെ പെതുവായി ഇതിന്റെ കാണപ്പുറം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ കുട്ടികൾക്കും ആനുകൂല്യം നൽകുന്ന കാര്യത്തിൽ വളരെയധികം ശ്രദ്ധ പുലർത്തുന്നുണ്ട്; അതിന്റെ അടിസ്ഥാനത്തിൽ കൊടുത്തിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഏതെങ്കിലും സ്ഥാപനത്തിന് ആനുകൂല്യം ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ അത് സൂചിപ്പിച്ചാൽ അവിടെ കൊടുക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. സി. പി. മുഹമ്മദ്: സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധാരാളമായി വന്നതിനുശേഷം ഇതര സമൂഹങ്ങളിലും സമുദായങ്ങളിലും ഈ രംഗത്ത് വിദ്യാർത്ഥികളിലുണ്ടായ വർദ്ധനവിനനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ? ഞാൻ ഇതു പറയാൻ കാരണം എൻട്രൻസ് എക്സാമിനേഷന്റെ യോഗ്യതാ ലിസ്റ്റിൽ അർഹതയുള്ള പട്ടികജാതിക്കാരുടെ എണ്ണം വളരെ കുറവാണ്. അവർക്ക് മാത്രമായി സപ്ലിമെന്ററി എൻട്രൻസ് പരീക്ഷ നടത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സ്വാശ്രയ കോളേജുകളും അതുപോലെ വിദ്യാഭ്യാസ രംഗത്തുള്ള മാറ്റങ്ങളുംകൊണ്ട് വളരെയധികം ഗുണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വന്നിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അധിക സാമ്പത്തിക ബാദ്ധ്യത വരുന്നു എങ്കിൽപോലും ഈ രംഗത്ത് കൂടുതൽ ആളുകൾക്ക് അവസരം കിട്ടുവാനുള്ള സാഹചര്യം പുതിയ വിദ്യാഭ്യാസ മാറ്റങ്ങൾകൊണ്ടുണ്ടായിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക ആനുകൂല്യങ്ങളെ സംബന്ധിച്ചാണ് ഇവിടെ എല്ലാ അംഗങ്ങളും വിശദമായി സംസാരിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത്. ഐ.എച്ച്.ആർ.ഡി. ഉൾപ്പെടെയുള്ള ഗവൺമെൻറ് നിയന്ത്രണമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും അതോടൊപ്പംതന്നെ ഒ.ഇ.സി. വിഭാഗത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കാറുണ്ട്. ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഒരു ഉദാഹരണം, എൻറെ മണ്ഡലത്തിലെ പട്ടുവം അയ്യൈഡ് സയൻസ് കോളേജിൽ ഇപ്രാവശ്യം മെറിറ്റ് അടിസ്ഥാനത്തിലും അല്ലാതെയും പട്ടികജാതി സംവരണത്തിലുള്ള കുട്ടികൾ ഉൾപ്പെടെ പോയപ്പോൾ അവരോട് പറഞ്ഞത്, നിങ്ങൾക്ക് സീറ്റ് തരാം, പക്ഷെ ഫീസ് തരണം; ഗവൺമെൻറ് ഫീസ് തരുന്ന മുറയ്ക്ക് തിരിച്ചുതരാമെന്നാണ് പറയുന്നത്. ആർക്കാണ് കൊടുക്കാൻ കഴിയുക? പാവപ്പെട്ട കുട്ടികൾക്ക് എങ്ങനെയാണ് വിദ്യാഭ്യാസം നേടാൻ സാധിക്കുക? ആ രീതിയിലുള്ള സംവിധാനമാണ് ഇപ്പോൾ വന്നിട്ടുള്ളത്. ഫീസ് കൊടുത്ത് പഠിക്കാൻ പറ്റാത്തതുകൊണ്ട് നിരവധി കുട്ടികൾക്ക് കോളേജിൽ ചേരാൻ പറ്റാത്ത നിലയുണ്ടായിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അക്കാര്യം നേരിട്ട് സംസാരിച്ചതാണ്, പക്ഷേ അതിൻറെ മാഗ്രയിൽ ഒരു തീരുമാനവും വന്നിട്ടില്ല. അക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് ആവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകുന്ന അതേ ആനുകൂല്യങ്ങൾ തന്നെ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും നൽകുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിലും ഒ.ഇ.സി.യിലും കഴിഞ്ഞ വർഷം അവസാനമാസങ്ങളിൽ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക മുഴുവൻ ഇന്നും കൊടുത്തുതീർത്തിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ചില്ല കാരണങ്ങളാൽ ഈ ആനുകൂല്യം കിട്ടാത്ത സ്ഥാപനങ്ങളുണ്ടെങ്കിൽ അവിടെ പ്രത്യേകം ഇടപെട്ട് അത് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. മമ്മുട്ടി: പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൻറെ പ്രാതിനിധ്യം പരിശോധിച്ചാൽ പട്ടികവർഗ്ഗവിഭാഗം വളരെ പിന്നോക്കമാണെന്ന് കാണാവുന്നതാണ്. അതുകൊണ്ട് അവർക്ക് പ്രത്യേകമായ ഒരു കോച്ചിംഗ് കൊടുക്കണം. ഒന്നാം ക്ലാസ് മുതൽ തന്നെ മിക്സഡ് സ്കൂളുകളിൽ, റെസിഡൻഷ്യൽ സ്കൂളുകളിൽ അവരേയുംകൂടി ചേർത്തുകൊണ്ട് അവർക്ക് പ്രത്യേകമായ പഠന പരിശീലനം നൽകി ഐ.എ.എസ്., ഐ.പി.എസ്. രംഗങ്ങളിലും മറ്റു പ്രൊഫഷണൽ രംഗങ്ങളിലും വിജയം വരിക്കുമെന്ന് ഉറപ്പു വരുത്തുന്ന വിധത്തിലുള്ള ഒരു പാക്കേജ് തയ്യാറാക്കി അത് നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: പട്ടികജാതിയിലായാലും പട്ടികവർഗ്ഗത്തിലായാലും എം. ബി. ബി. എസ്.-നും എഞ്ചിനീയറിംഗിനും കുട്ടികൾ എൻട്രൻസ് ലിസ്റ്റിൽ വരുന്നുണ്ട്. പക്ഷേ ആ കുട്ടികൾക്ക് എം. ബി. ബി. എസ്.-നും എഞ്ചിനീയറിംഗിനും അഡ്മിഷൻ കിട്ടി കഴിഞ്ഞാൽ പലപ്പോഴും കോഴ്സ് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം പ്രാധ്യയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെ അഡ്മിഷൻ നേടുന്ന കുട്ടികൾക്ക് ഗവൺമെൻറ് പ്രത്യേകം കോച്ചിംഗ് കൊടുക്കുന്നുണ്ട്. ഈ വർഷം അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് ഇപ്പോൾ എറണാകുളത്തും

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോടും വച്ച് കോച്ചിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ പ്രത്യേകം താൽപ്പര്യമെടുക്കുന്നുണ്ട്. അതുപോലെതന്നെ ഐ. എ. എസ്.-ന്റെ കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു; സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ ഇപ്പോഴും നിലവിലുണ്ട്. അത് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ശ്രീ. എ. കെ. ബാലന്റെ ചോദ്യത്തിന് മറുപടിയായി വിവരം ശേഖരിച്ചുവരുന്നു എന്ന് പറഞ്ഞത് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചു. വിവരം കൃത്യമായി ശേഖരിച്ച് പറയണം. അതറിഞ്ഞാൻ മാത്രമേ അതിലെ വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുകയുള്ളൂ. ട്രഷറി നിയന്ത്രണം ഒഴിവാക്കാൻ മുഖ്യമന്ത്രി സമ്മതിച്ചു എന്ന് പറഞ്ഞല്ലോ; അതിൽ രണ്ട് തരത്തിലുള്ള തടസ്സം വരുന്നുണ്ട്. മന്ത്രിയുടെയോ വകുപ്പിന്റെയോ ഭാഗത്ത് നിന്നല്ല. പണം അനുവദിക്കുന്നു; ജില്ലാ ഓഫീസർക്ക് അത് മാറിക്കിട്ടുന്ന സമയത്ത് ആദ്യത്തെ ട്രഷറി തടസ്സം. ആ തടസ്സം മാറിക്കിട്ടി കുട്ടികൾക്ക് അത് individual ആയി കൊടുത്തുവരുമ്പോൾ നടുത്ത തടസ്സം വരും ട്രഷറി തടസ്സങ്ങളുടെ ഫലമായിട്ടാണ് ഈ കിട്ടാത വരുന്നത്. എന്റെ ചോദ്യം, deemed university ആക്കിയാൽ ഇപ്പോഴും കിട്ടുന്ന ആനുകൂല്യം SC/ST വിഭാഗത്തിന് ലഭ്യമാകുമോ എന്നുള്ളതാണ്. കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. ഒരു മെഡിക്കൽ കോളേജായി; ഇനി മൂന്ന് മെഡിക്കൽ കോളേജും എട്ട് എഞ്ചിനീയറിംഗ് കോളേജും deemed university ആകാൻ പോകുന്നു എന്ന്. ഈ deemed university-യിൽ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന എസ്. സി./എസ്. റ്റി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേകമായ റിസർവേഷനില്ല. അത്തരം വിദ്യാർത്ഥികൾക്ക് ഏതെങ്കിലും സാഹചര്യത്തിൽ അവിടെ പ്രവേശനം കിട്ടിയാൽ അവർക്ക് ഈ വിദ്യാഭ്യാസാനുകൂല്യങ്ങൾ ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ നിർദ്ദേശിച്ച നിരക്കനുസരിച്ച് കൊടുക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അവർക്കുംകൂടി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ഇന്ന് റിസർവേഷനിൽ മാത്രമല്ല, മെറിറ്റിൽ പ്രവേശനം കിട്ടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. മാനേജുമെന്റ് കോട്ടയിൽ ലഭിക്കുന്ന സീറ്റുകൾക്ക് മാത്രമാണ് കൊടുക്കേണ്ട എന്നുള്ള തീരുമാനമുള്ളത്. മറിച്ച് റിസർവേഷനായാലും മെറിറ്റായാലും കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. Deemed University യുടെ കാര്യം പ്രത്യേകമായി പരിശോധിച്ച് ചെയ്യാം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സ്വാശ്രയ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണ ജനകമായ ഒട്ടനവധി കാര്യങ്ങൾ നാടൊട്ടുക്ക് പ്രചരിക്കുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ രൂപാർശ ചെയ്ത പ്രകാരമുള്ള ഫീസ് ആനുകൂല്യം വരെ കൊടുക്കാൻ തീരുമാനമായി കഴിഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭ്യമായ നേട്ടങ്ങളും വ്യക്തമാകുന്ന വിധത്തിൽ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഈ വിഷയം കേന്ദ്രീകരിച്ച് വ്യാപകമായ പ്രചാരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ് ലിസ്റ്റിൽ പ്രവേശനം കിട്ടിയ എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്ക് സർക്കാർ ആനുകൂല്യം കൊടുക്കുന്നുണ്ട്. പക്ഷേ കേരളത്തിലെ തന്നെ ടി. ടി. ഐ.കളിൽ മെറിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിച്ച എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം കിട്ടുന്നില്ല എന്നതുമായി ബന്ധപ്പെട്ട ഒരു പരാതി എന്റെ കയ്യിലുണ്ട്. അതുമായി ബന്ധപ്പെട്ട പത്രവാർത്തകളും വ്യാപകമായ രൂപത്തിൽ വന്നിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങളും നിഷേധിക്കുന്നു; സ്വാശ്രയ ടി. ടി. ഐ.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നിഷേധിക്കുന്നു; ഇതെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് ചെർപ്പുളശ്ശേരിയിലെ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ എസ്. സി./എസ്. റ്റി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ തന്ന പരാതിയാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതുമായി ബന്ധപ്പെട്ടുള്ള ഉത്തരവിൽ ഒരു ചെറിയ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ബന്ധപ്പെട്ട വകുപ്പിലെ ആളുകൾ പണം കൊടുക്കാത്തത്. അതുകൊണ്ട് ടി. ടി. ഐ.കളിൽ മെറിറ്റ് ലിസ്റ്റിൽ പ്രവേശനം കിട്ടിയ എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം കിട്ടുന്നതിനാവശ്യമായിട്ടുള്ള ഉത്തരവ് ഇറക്കുന്നതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: ഇപ്പോൾ പ്രൊഫഷണൽ കോഴ്സുകൾക്ക് നൽകേണ്ട ഫീസ് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ പറഞ്ഞിട്ടുണ്ട്. പക്ഷേ ബി. എഡ്., ടി. ടി. സി. തുടങ്ങിയ ഇതുപോലെയുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളുണ്ട്. അവിടെ എന്ത് കൊടുക്കണമെന്ന് പറഞ്ഞിട്ടില്ല. ഓരോ സ്ഥാപനവും ഓരോ രീതിയിലുള്ള ഫീസ് നിരക്കാണ് പറയുന്നത്. ചില സ്ഥാപനങ്ങൾ ഗവൺമെന്റ് നിരക്ക് തന്നെ കൊടുത്താൽ മതിയെന്ന് പറയുമ്പോൾ ചില സ്ഥാപനങ്ങൾ ഇരട്ടിയായിട്ടാണ് ആവശ്യപ്പെടുന്നത്. ടി. ടി. സി., ബി. എഡ്. ഒക്കെയുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ അതതു മാനേജുമെന്റ് ആവശ്യപ്പെടുന്ന തുകയാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഈ സ്ഥാപനത്തിലുള്ള പരാതിയെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാർ സ്ഥാപനങ്ങളും എന്നതുപോലെ തന്നെ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും പിന്നോക്ക വിദ്യാർത്ഥികൾക്കും ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസ് ആനുകൂല്യം സർക്കാർ തുടരുകയാണ്. ഈ ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയം മൂലം 2001-02 അധ്യയന വർഷത്തിൽ ഉണ്ടായിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പത്ത് ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ ഗവൺമെന്റ് അവർക്ക് ഫീസ് ആനുകൂല്യം കൊടുക്കുന്ന കാര്യത്തിൽ എന്ത് അധിക സാമ്പത്തിക ബാധ്യതയാണ് ഏറ്റെടുക്കുന്നത്; ആ അധിക സാമ്പത്തിക ബാധ്യതയ്ക്കുള്ള പണം മുഴുവൻ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: ഈ വർഷം മാത്രം സ്വാശ്രയ കോളേജുകളിൽ ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള പണം കൊടുക്കുന്നതിനുവേണ്ടി ആറരക്കോടി രൂപ ആവശ്യമായി വരുകയാണ്. ഈ ആറരക്കോടി രൂപയും പ്രത്യേകം അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷണ്മുഖദാസ്: സർ, ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ എഞ്ചിനീയറിംഗ് കോളേജുകളും മൂന്ന് നാല് മെഡിക്കൽ കോളേജുകളും സിസ്റ്റേഴ്സും നടത്തുന്ന മെഡിക്കൽ കോളേജുകളും പറഞ്ഞിട്ടുണ്ട്. അതിൽ ചില പ്രത്യേക കോഴ്സുകളെ വിട്ടുപോയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോഴത്തെയും എന്നാൽ സമീപകാലത്ത് വളരെ പ്രധാന്യമുള്ളതുമായ ഫാഷൻ ടെക്നോളജി, ഫുഡ് ടെക്നോളജി, കാറ്ററിംഗ് തുടങ്ങിയവയ്ക്ക് മാത്രം സംസ്ഥാനങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പത്തിരട്ടി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് കൂടിയിട്ടുണ്ട്. മുന്നോക്ക വിഭാഗക്കാർ 100 ഇരട്ടിയാണ് കൂടിയിരിക്കുന്നത്. പുന്നപ്ര സമുദായങ്ങളെ പുറത്തൊക്കെപോയി പഠിച്ച് 100 ഇരട്ടി വർദ്ധനവ് ഉണ്ടാക്കുമ്പോൾ പട്ടികജാതിക്കാർ 10 ശതമാനത്തിൽ തുടങ്ങുകയാണ്. അതുകൊണ്ട് ടേംസ് ഓഫ് റഫറൻസ് പൂർണ്ണമായി ഉൾക്കൊള്ളുന്ന രീതിയിൽ ഒരു പൊതു കമ്മീഷൻ കൂടി വച്ച് കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ ലഭ്യമാക്കുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അതുചൂണ്ടിക്കാണിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, അതുകൊണ്ടാണ് പറഞ്ഞത് 10 ശതമാനത്തിനു മാത്രമല്ല ഗവൺമെന്റ് ആനുകൂല്യങ്ങൾ നൽകുന്നത്; റിസർവേഷൻ വരുന്ന 10 ശതമാനത്തിലും അതു കൂടാതെ ഓപ്പൺ സീറ്റിലൂടെ എത്ര കുട്ടികൾ വന്നാലും അത്രയും കുട്ടികൾക്കും ആനുകൂല്യങ്ങൾ നൽകാൻ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. കമ്മീഷൻ നിർദ്ദേശിക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിലെ വിട്ടുപോയ കോഴ്സുകൾക്ക് ഒരുതരത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന രീതിയിലുള്ള ഫീസ് ഗവൺമെന്റ് നൽകുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, സംസ്ഥാന പ്രൊഫഷണൽ കോളേജുകളിലും സ്പോർട്സ് സ്കൂളുകളിലും ഉള്ള എസ്. സി. വിഭാഗത്തിൽ അഡ്മിഷൻ കിട്ടിയ മാവിലർ, കരിമ്പലർ എന്നീ വിഭാഗങ്ങളെ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് എസ്. ടി. ആക്കിയതുമൂലം അവർക്ക് കിട്ടിയ അഡ്മിഷൻ കാൻസലാകുന്നു. അവരെ എസ്. ടി. വിഭാഗത്തിൽപ്പെടുത്താൻ സാധിക്കുന്നുമില്ല. എസ്. ടി. യുടെ ക്വോട്ട കുറവാണ്. ഇതിന് ഗവൺമെന്റ് തലത്തിൽനിന്നു നടപടി സ്വീകരിക്കേണ്ടതാണ്. അതുകൊണ്ട് കരിമ്പലർ, മാവിലർ സമുദായങ്ങൾക്ക് എസ്. സി. യിലെ പരിഗണന എസ്. ടി.-യിൽ കിട്ടാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, തീർച്ചയായിട്ടും. ഇതിന്റെ ഒരു പ്രശ്നം മുന്നിൽ വന്നതാണ്. ഏത് വിഭാഗത്തിനാണ് ലഭിച്ച ആനുകൂല്യങ്ങളായാലും ആ കോഴ്സുകൾ പൂർത്തീകരിക്കുന്നതുവരെ അതാത് സ്ഥലങ്ങളിൽ മുഴുവൻ ആനുകൂല്യങ്ങളും നൽകുവാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദ്യത്തിന്റെ ഉത്തരമായി പറഞ്ഞ കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തീകരിക്കാൻ കഴിയാതെ പുറത്തുപോകേണ്ട ഒരു സ്ഥിതിയാണ് വന്നിരിക്കുന്നത്. ഞാൻ ഇവിടെ ചോദിക്കാൻ ഉദ്ദേശിക്കുന്നത്, രജനി ആത്മഹത്യ ചെയ്തതുതന്നെ. ആ കുട്ടിക്ക് ഹോസ്റ്റലിൽ താമസിച്ച് പഠിക്കാൻ ആവശ്യമായിട്ടുള്ള ഫീസ് കൊടുക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള ഫീസ് വർദ്ധനവ് കൊടുത്തിട്ടുണ്ടോ; അത് ലഘൂകരിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നിലവിൽ എത്രയാണ് ഉണ്ടായിരുന്നത്; ഇപ്പോൾ എത്രയാണ് കൊടുക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇതിന് പ്രത്യേക ചോദ്യം വേണ്ടതാണ്. എന്നാലും പറയാം. ഹോസ്റ്റൽ ഫീസ് 315 രൂപയിൽ നിന്ന് 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 1,000 രൂപയായി വർദ്ധിച്ചപ്പോൾ അതിൽ പറഞ്ഞിരുന്ന ഒരു കാര്യം സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമേ ആയിരം രൂപയായി വർദ്ധിപ്പിക്കുന്നു എന്നുള്ളതാണ്. അതിൽ ഗവൺമെന്റ് കോളേജുകൾ ഉൾപ്പെടുത്തിയിരുന്നില്ല. ഗവൺമെന്റ് കോളേജുകൾ കൂടി ഉൾപ്പെടുത്താനുള്ള നടപടി ഗവൺമെന്റ് എടുത്തുവരികയാണ്. അതോടൊപ്പം തന്നെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെസ് ചാർജ്ജ് ഇനത്തിൽ ഗവൺമെന്റ് നൽകുന്ന തുകയിലുള്ള വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കഴിഞ്ഞ കാലം കൊണ്ട് ചെയ്തിട്ടുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന പ്രശ്നങ്ങളും അഡ്മിഷൻ സമയത്ത് ഉണ്ടാകുന്ന ആശയ കുഴപ്പങ്ങളും ഓരോ പ്രത്യേക കോളേജിലും അവർക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങളുമൊക്കെ മനസ്സിലാക്കാൻവേണ്ടി ഈ അഡ്മിഷൻ കിട്ടിയ പട്ടികജാതി കുട്ടികളെയും അവരുടെ രക്ഷാകർത്താക്കളെയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ഒരു അദാലത്തുപോലെ വിളിച്ചുകൂട്ടി എല്ലാ വർഷവും സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ സൂചിപ്പിച്ചു. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗിനും മെഡിസിനും സീറ്റ് കിട്ടിക്കഴിഞ്ഞാൽ ആ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് സംവിധാനം ഉണ്ടായിരുന്നു. ഈ വർഷം മുതൽ അത് പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി നൽകാൻ തീരുമാനിക്കുകയും എറണാകുളത്തും കോഴിക്കോട്ടു അതിനു പ്രത്യേകം ഒരു മാസം നീണ്ടു നിൽക്കുന്ന പരിശീലനം നടത്തുകയും ചെയ്തു.

ശ്രീ. രാജു എബ്രഹാം: സർ, കച്ചവട സ്ഥാപനങ്ങളെപ്പോലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ലാഭകരമായി പ്രവർത്തിക്കുക എന്നതു പോലെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷന്റെ ഫീസ് നിരക്ക്. ഇതിൽ നിന്ന് സാമൂഹിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പാവപ്പെട്ട കുട്ടികളെ രക്ഷപ്പെടുത്താൻവേണ്ടി ഇത് രേണുഘടനയുടെ ഒമ്പതാമത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്തണം. അതിനുവേണ്ടി സർക്കാർ ഈ നിയമ സഭയിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിനുള്ള എന്ത് നടപടി കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കണം. എങ്കിലേ എസ്. സി./എസ്. ടി. കുട്ടികൾ രക്ഷപ്പെടുകയുള്ളൂ.

ശ്രീ. എ. പി. അനിൽകുമാർ: അത് എല്ലാവരുംകൂടി ഒരുമിച്ച് ആലോചിച്ച് എടുക്കേണ്ട ഒരു തീരുമാനമാണ്. അതിന്റെ അടിസ്ഥാന ത്തിൽ ഈ പരിഗണന ലഭിക്കാതെ കുട്ടികൾ പുറത്തുപോകുന്ന സാഹചര്യം ഉണ്ടാകരുത് എന്നുള്ളതുകൊണ്ടാണ് ഗവൺമെന്റ് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ പറയുന്ന നിരക്ക്പോലും കൊടുക്കാനുള്ള തീരുമാനം എടുത്തത്. അത്തരത്തിലുള്ള ഫീസ് ലഭിക്കാത്തതിന്റെ പേരിൽ കുട്ടി കൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കരുത് എന്ന് ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്.

ശ്രീ. കെ. കെ. ഷാജു: മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടിന് അടുത്തോ സമീപത്തോ ഉള്ള സാഹ്രയ സ്ഥാപനങ്ങളിലേയ്ക്ക് ഓപ്ഷൻ വാങ്ങിപ്പോകാൻ ഇപ്പോൾ അവസരം ഉണ്ടോ; ഇല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിൽ ഓപ്ഷൻ വാങ്ങി പോകാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ഓപ്ഷൻ കൊടുക്കുന്നത് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഒരുപാട് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും കൂടുതൽ പരിഗണന ആവശ്യമായ കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ചെയ്യാറുണ്ട്. പക്ഷേ പൂർണ്ണമായിട്ട് അത്തരം മാറ്റം, ഓപ്ഷൻ നടന്നു കഴിഞ്ഞ് വ്യത്യസ്ത സ്ഥാപനങ്ങളിലേയ്ക്ക് പോയി ക്കഴിഞ്ഞാൽ പിന്നീട് ഒരുമാറ്റം ഉണ്ടാകാൻ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് സഹായങ്ങൾ ചെയ്യാറുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഒന്നാം ക്ലാസുമുതൽ വിദ്യാഭ്യാസാനുകൂല്യങ്ങളും ലംപ്സം ഗ്രാന്റും വാങ്ങുന്ന കുട്ടികൾക്ക് ഈ അടുത്ത കാലത്ത് ഒരു പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. എൻട്രൻസ് എക്സാമിനേ ഷനിൽ മെറിറ്റ് ലിസ്റ്റിൽ വന്നിട്ടും പ്രൊഫഷണൽ കോഴ്സിൽ വരാൻ കഴിയാത്ത തന്റെ കുട്ടിയുടെ ദയനീയ സ്ഥിതികണ്ട് ഒരു അമ്മ ഈ കഴിഞ്ഞ ദിവസം ഇടനെഞ്ച് പൊട്ടിക്കരയുന്നത് ദൃശ്യ മാധ്യമങ്ങളിലൂടെ അങ്ങും ശ്രദ്ധിച്ചിട്ടുണ്ടാകും. ഈ കുട്ടികൾക്ക് തുടർന്നും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, എസ്. സി./എസ്. ടി. വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ സൂചിപ്പിച്ച ഉത്തരവ് മിശ്രവിവാഹവുമായി ബന്ധപ്പെട്ടതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അക്കാര്യത്തിൽ മുഴുവൻ വിദ്യാഭ്യാസാനു കൂല്യങ്ങളും കൊടുക്കുന്നുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ ഗവൺമെന്റ് പുറകോട്ട് പോയിട്ടില്ല. സംവരണത്തിന്റെ കാര്യത്തിലാണ് പ്രശ്നമുള്ളത്. അത് ഒരു കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ചെയ്തത്. ഹൈക്കോടതിയിൽ ഒട്ടനവധി കേസുകളും നിലനിൽക്കുന്നു. അതിനുശേഷം കോടതി വിധി അനുകൂലമാകുന്ന സാഹചര്യത്തിൽ തീർച്ചയായിട്ടും ടീച്ചർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ തീരുമാനം എടുക്കും.

ശ്രീ. കെ. എൻ. പ്രതാപൻ: പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെക്കാൾ ദയനീയമായ ഒരു വിഭാഗമാണ് തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെപ്പോലെയുള്ള ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും. ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെയുൾപ്പെടെ ഇവിടെ ഐ. എച്ച്. ആർ. ഡി. യുടെ കാര്യം പറഞ്ഞു. ശരിയാണ്. എന്റെ നിയോജകമണ്ഡലമാണ്; ഐ. എച്ച്. ആർ. ഡി. കോളേജിൽ അപ്ലൈഡ് സയൻസ് കോഴ്സിന്റെ ഉദ്ഘാടനം കഴിഞ്ഞ ദിവസം നടന്നു. ആ കോഴ്സിനു പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ അപ്പോൾതന്നെപ്പെടുത്തി. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാമെന്നും ഉറപ്പ് നൽകുകയും ചെയ്തു. പല സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഫെറിറ്റ് അടിസ്ഥാനത്തിലും മാനേജുമെന്റ് കോട്ടയിലും അഡ്മിഷൻ ലഭിച്ചിട്ടുള്ള ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് ആവശ്യമായ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് തടസ്സമുണ്ടാവുകയാണ്; തടസ്സമുണ്ടാക്കുകയാണ് മാനേജുമെന്റുകൾ. ചില ഉത്തരവുകളിൽ ക്ലാരിഫിക്കേഷൻ ഇല്ലെന്നാണ് അവർ പറയുന്നത്. അതുകൊണ്ട് ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ ഉത്തരവ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഒ. ഇ. സി. വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകുന്നുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് ഗവൺമെന്റിന്റെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ അതായത് ഐ. എച്ച്. ആർ. ഡി. പോലെയുള്ള സ്ഥാപനങ്ങളിൽ ഗവൺമെന്റ് നിരക്കിൽത്തന്നെ ഫീസ് കൊടുത്താൽ മതിയെന്നുള്ളത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ ഇവിടെ പറഞ്ഞതാണ്. അതിൽ എസ്.സി. ആയാലും എസ്.ടി. ആയാലും ഒ. ഇ. സി. ആയാലും അവർക്കെല്ലാം ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച നിരക്കായാലും ശരി, ഗവൺമെന്റ് നിശ്ചയിച്ച നിരക്കായാലും ശരി അവയെല്ലാം നൽകാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്; അത് നൽകിക്കൊണ്ടിരിക്കുന്നുമുണ്ട്.

ശ്രീ. എം. കുമാരൻ: മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശനത്തിനു പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ കാര്യത്തിൽ മിശ്രവിവാഹിതരുടെ മക്കൾക്ക് ഗവൺമെന്റിന്റെ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. നിർഭാഗ്യമെന്നു പറയട്ടെ, ഏറെ മിശ്രവിവാഹിതരുള്ളത് അടിത്തട്ടിൽക്കിടക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസി വിഭാഗങ്ങളുടെ ഇടയിലാണ്. അതുകൊണ്ട് പട്ടികജാതി/

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കോട്ടയ്ക്ക് ആവശ്യത്തിനു വിദ്യർത്ഥികളോ ഉദ്യോഗാർത്ഥികളോ ഇല്ലാത്ത സാഹചര്യത്തിൽ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയത്തും അവർ ഏത് വിഭാഗത്തിലാണോ ഉൾപ്പെട്ടിരുന്നത് ആ വിഭാഗത്തിന്റെ ഒഴിവുള്ള കോട്ടയിലേയ്ക്കും മിശ്രവിവാഹിതരുടെ മക്കൾക്ക് പ്രവേശനം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരമാണ് ഉത്തരവ് ഇറക്കിയത്. ഇക്കാര്യത്തിൽ ഞാൻ നേരത്തെ പറഞ്ഞ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുഴുവൻ കൊടുക്കാൻ ഗവൺമെന്റ് ബാധ്യസ്ഥരാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എഞ്ചിനീയറിംഗിനും എം. ബി. ബി. എസ്. നും മറ്റും കുട്ടികൾ ഇല്ലാത്ത ഒരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെയും കുട്ടികൾ വളരെയധികം ആ രംഗങ്ങളിൽ കടന്നുവരുന്നുണ്ട്. വരുന്ന കുട്ടികൾക്ക് മുഴുവനും അഡ്മിഷൻ കൊടുക്കുകയും അവർക്ക് ഫീസ് ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, സംസ്ഥാനത്ത് വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന ട്രൈബൽസിന് ട്രൈബൽ ഹോസ്റ്റൽ ഉണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ട്രൈബൽ ഹോസ്റ്റൽ വളരെയധികം ശോചനീയാവസ്ഥയിലാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഏക ആശ്രയമാണ് ആ ട്രൈബൽ ഹോസ്റ്റൽ. മലമുകളിലാണ് ട്രൈബൽ ഹോസ്റ്റലുകൾ സ്ഥാപിച്ചിരിക്കുന്നത്. അവിടെ താമസിച്ച് പഠിക്കാനും പഠിപ്പിക്കാനും പ്രോത്സാഹനം നൽകുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഈ ട്രൈബൽ ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ അങ്ങ് പരിശോധിച്ചിട്ടുണ്ടോ? എന്റെ നിയോജകമണ്ഡലത്തിലെ ഉറുമാട്ടിൽ ട്രൈബൽ ഹോസ്റ്റൽ തകർന്നതിന്റെ ഫലമായി അവിടെ താമസിച്ചിരുന്ന കുട്ടികളെ നിലമ്പൂരിലേക്ക് കൊണ്ടുപോയിട്ടുണ്ട്. അത് നന്നാക്കി വീണ്ടും ഇവിടെ കുട്ടികളെ താമസിപ്പിക്കാൻ ട്രൈബൽ വകുപ്പിന്റെ മന്ത്രിയായ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. ഇന്ന് ത്രിതല പഞ്ചായത്തുകൾക്കാണ് ട്രൈബൽ ഹോസ്റ്റലുകളുടെ കൂടുതൽ ഉത്തരവാദിത്വം. ട്രാൻസ്ഫേർഡ് സ്കീമിൽപ്പെട്ട് വരുന്നതാണ് ഹോസ്റ്റലുകളൊക്കെ. അതോടൊപ്പം ത്രിതല പഞ്ചായത്തുകളും ഗവൺമെന്റും ജനപ്രതിനിധികളും ഒരുമിച്ചുവേണം ഈ പ്രശ്നത്തിന് പരിഹാരം കാണാൻ.

ശ്രീ. പി. ജയരാജൻ: സർ, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സ്ഥിതി കൈവന്നിട്ടുള്ളത് സർക്കാർ അതതുകാലത്ത് ആവശ്യപ്പെട്ടിട്ടുള്ള സാമ്പത്തികാനുകൂല്യം നൽകിയതിന്റെ ഫലമായിട്ടാണ്. ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷന്റെ ശുപാർശയുടെ ഫലമായി ആറ് കോടിരൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഗവൺമെന്റിന് വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പക്ഷേ ഇങ്ങനെ അധിക സാമ്പത്തിക ബാദ്ധ്യത നിർവ്വഹിച്ചുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നീക്കങ്ങൾ നടത്തുന്നതിനിടയിൽ കഴിഞ്ഞ തവണ ഹോസ്റ്റലുകളിലെ മെസ്സ് കുടിശ്ശിക പോലും കൊടുക്കാത്ത അവസ്ഥയാണുള്ളത്. ട്രഷറി ബാൻ മാത്രമല്ല. ബഡ്ജറ്റിൽ അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് അനുസരിച്ചുള്ള തുക വകയിരുത്താത്തതിന്റെ ഫലമായാണ് ഇന്ന് ഈ സ്ഥിതി വന്നിട്ടുള്ളത്. പട്ടികജാതി വകുപ്പ് അതിനാവശ്യമായ നിർദ്ദേശം നൽകി ഗവൺമെന്റിനെ കൊണ്ട് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് ട്രഷറി ബാനൊക്കെ നീക്കിയിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ ഈ അധിക സാമ്പത്തിക ബാദ്ധ്യത നേരിടുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ: പലപ്പോഴും ബഡ്ജറ്റിൽ തുക അനുവദിച്ച് അവസാനമാകുമ്പോൾ ആ തുക പര്യാപ്തമാകാത്ത ഒരു അവസ്ഥ ഉണ്ടാകാറുണ്ട്. കഴിഞ്ഞ വർഷം രണ്ടരക്കോടി രൂപ അവസാന ഘട്ടത്തിൽ വേണ്ടിവന്നു. അതിന് പ്രധാനപ്പെട്ട ഒരു കാരണം കോഴ്സുകളും സ്ഥാപനങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നതാണ്. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും കൂടുതൽ പണം ആവശ്യമായി വരികയാണ്. അത്തരമൊരു സാഹചര്യത്തിലാണ് അനുവദിച്ച പണം തികയാതെ വരുന്നത്. കഴിഞ്ഞ വർഷം രണ്ടരക്കോടി രൂപയുടെ കുറവുണ്ടായിരുന്നു. ഈ വർഷം ആദ്യം തന്നെ രണ്ടരക്കോടി രൂപ കുടിശ്ശിക തീർക്കുന്നതിന് അനുവദിച്ചതും ഈ സാഹചര്യത്തിലാണ്. ഏതായാലും കൂടുതൽ കോഴ്സുകളും സ്ഥാപനങ്ങളും വരുന്ന സാഹചര്യത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസ് മറ്റ് തെക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ കൂടുതലാണോ കുറവാണോ? അതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ സ്വാശ്രയ കോളേജുകളിൽ അലോട്ട് ചെയ്യുമ്പോൾ അവരെ അർഹമായ സ്ഥാനത്തേക്ക് മാത്രം അലോട്ട് ചെയ്യുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്യുകയും പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: ഹയർ ഓപ്ഷൻ വഴി മറ്റ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ചില സ്വകാര്യ മാനേജ്മെന്റുകൾ ടി. സി. നൽകാതിരിക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും സ്ഥാപനം അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഫസ്റ്റ് ക്ലാസ്സും അതിനേക്കാൾ ഉയർന്ന മാർക്കും വാങ്ങിയ കുട്ടികളെ ജനറൽ കാറ്റഗറിയിൽ പരിഗണിക്കാത്തതുകൊണ്ട് ഈ വിഭാഗത്തിലെ മിനിമം മാർക്ക് വാങ്ങിയ കുട്ടികൾക്ക് അവസരം നഷ്ടപ്പെട്ടുപോകുന്നുണ്ട്. അത് പരിശോധിക്കുന്നതിനുവേണ്ടി എസ്. സി./എസ്. ടി. വിഭാഗത്തിൽപ്പെടുന്നതും പൊതുരംഗത്ത് പ്രവർത്തിക്കുന്നതുമായ ആളുകളുടെ ഒരു കമ്മിറ്റി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നു. ആ കമ്മിറ്റി ഇപ്പോഴും നിലവിലുണ്ടോ? ഇങ്ങനെ സംഭവിക്കാതിരിക്കാൻ കോളേജുകളിലെ രജിസ്റ്ററർ പരിശോധിക്കാൻ ഈ നിയമസഭയിലെ ഏതെങ്കിലും ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നിർദ്ദേശം പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: മറാട്ടി വിഭാഗത്തെ പട്ടികവർഗ്ഗത്തിൽ നിന്ന് ഒഴിവാക്കിയ സാഹചര്യത്തിൽ തുടർന്നും പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും സംവരണതത്വവും പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പൂർണ്ണമായും അത് തുടരുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: കേന്ദ്രഗവൺമെന്റാണ് മറാട്ടി വിഭാഗത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. അവർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും കോഴ്സ് പൂർത്തീകരിക്കുന്നതുവരെ തുടർന്നും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി. എഡ്. സെന്ററിൽ കോഴ്സ് പാസ്സായ എസ്. സി./എസ്. ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഫീസ് അടയ്ക്കാത്തതിന്റെ പേരിൽ പട്ടികവർഗ്ഗ വകുപ്പ് അവർക്കുള്ള സർട്ടിഫിക്കറ്റ് നൽകാത്ത കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് നൽകാത്ത കുട്ടികളെ മറ്റ് കുട്ടികളുടെ മുമ്പാകെ അപമാനിക്കുന്ന നടപടികളിലേയ്ക്ക് വന്നിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോഴിക്കോടുള്ള ബി. എഡ്. സെന്ററിൽ ഇത്തരമൊരു സംഭവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെ മുഴുവൻ ഫീസും നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ് സ്വാശ്രയ കോളേജിൽ പഠിക്കുന്നതെന്നും യഥാസമയം ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭിക്കാത്തതിനെ തുടർന്ന് എത്ര കുട്ടികൾക്കാണ് പഠനം തുടരാൻ കഴിയാതെ പോയതെന്നും വ്യക്തമാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: യഥാസമയം വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാത്തതിന്റെ പേരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

എവിടെയെങ്കിലും ഉണ്ടെങ്കിൽ നടപടി എടുക്കും. മറ്റ് കാര്യങ്ങൾ പ്രത്യേക ചോദ്യമായി ചോദിച്ചാൽ ഉത്തരം നൽകുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. തുടങ്ങിയ സെൻട്രൽ സിലബസ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് സാമ്പ്രദായ കോളേജുകളിൽ വരിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഒരു നയവും പദ്ധതിയും ആവിഷ്കരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള കേന്ദ്രീയ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാൻ കഴിഞ്ഞ വർഷം തീരുമാനിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പട്ടിക വർഗ്ഗ വിദ്യാർത്ഥികളോട് ഈ ഗവൺമെന്റ് എപ്പോഴും ചിറ്റമ്മ നയമാണ് കാണിക്കുന്നത് എന്നുള്ളതിന്റെ ഒരു ദൃഷ്ടാന്തമാണ് എന്റെ മണ്ഡലത്തിലെ കാര്യം. അവിടെ കഴിഞ്ഞ തവണ മുന്നൂറോളം സർക്കാർ ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചപ്പോൾ കേരളത്തിലെ ഒരേയൊരു പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്കൂളിലാണ് പ്ലസ് ടു അനുവദിച്ചത്. കഴിഞ്ഞ വർഷം അത് തുടങ്ങിയില്ല. വളരെ നിസ്സാരമായ പോസ്റ്റ് ക്രിയേഷനുണ്ടെങ്കിൽ തുടങ്ങാമായിരുന്നതും നൂറിലേറെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് നല്ല ചവിട്ടുപടി ആകുന്നതുമായ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു തുടങ്ങുന്നതിൽ ഈ ഗവൺമെന്റ് അനാസ്ഥ കാണിച്ചിരിക്കുന്നു. അത് പട്ടികവർഗ്ഗ വിദ്യാർത്ഥികളോട് ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തിന്റെ മറ്റൊരു ഉദാഹരണമാണ്. ആ പോരായ്മ പരിഹരിച്ച് കഴിഞ്ഞ വർഷം ആരംഭിക്കാതിരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹയർ സെക്കൻഡറി തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അതിനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ഈ ഗവൺമെന്റിന് അത്തരമൊരു ചിറ്റമ്മ നയം ഇല്ല എന്നുള്ളതിന് തെളിവാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗത്തിന്റെ തന്നെ മണ്ഡലത്തിൽ ഒരു ഹയർ സെക്കൻഡറി സ്കൂൾ അനുവദിച്ചു എന്നുള്ളത്. അത് അദ്ദേഹത്തിന് വളരെ വ്യക്തമായി അറിയാവുന്ന കാര്യമാണ്. അവിടെ അതിനാവശ്യമായ സൗകര്യങ്ങൾ നിലവിലുള്ള സ്ഥലം എം. എൽ. എ. ചൂണ്ടിക്കാണിക്കുകയാണെങ്കിൽ, അവിടെ തുടങ്ങാമെന്ന് ഞാൻ അറിയിക്കുകയാണ്. അതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടാണ് തുടങ്ങാത്തത്. സ്ഥലം കിട്ടിയാൽ എത്രയും പെട്ടെന്ന് അത് തുടങ്ങാനുള്ള നടപടിയെടുക്കാം.

കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡം

*2 [335] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly